**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് ശ്രീ. പ്രദീപ് .എൻ-നെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ .<filenumber>തീയതി:20-08-2024**

പരാമർശം:

1) തദ്ദേശ സ്വയം ഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 06.02.2024 ലെ LSGD/JD/MPM/5485/2023 -A3 കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 12.02.2013 ലെ ഇ7.1219/2011(16) നമ്പർ ഉത്തരവ്.
3) നഗരകാര്യ ഡയറക്ടറുടെ 12.11.2021 ലെ ഇ3. 15023/19 നമ്പർ ഉത്തരവ്.
4) നഗരകാര്യ ഡയറക്ടറുടെ 23.06.2022 ലെ DUA/4400/2022 -E7 നമ്പർ ഉത്തരവ്.
5) 01.07.2024 ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (2) പ്രകാരം നിയമനം ലഭിച്ച ശ്രീ. പ്രദീപ്.എൻ., നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷ പാസ്സാകാത്തതിനാൽ പരാമർശം (3) പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്യപ്പെട്ടിരുന്നു. ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്യപ്പെട്ടതിനാൽ ശ്രീ.പ്രദീപ്.എൻ-നെ ക്ലർക്ക് തസ്തികയിലെ പരാമർശം (4) സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ ആദ്യ നിയമന ഉത്തരവ് തീയതിയായ 12.02.2013 അടിസ്ഥാനമാക്കി ക്രമ നം. 226 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടീസിന്മേൽ ശ്രീമതി ബെൻസി വർഗ്ഗീസ് നൽകിയ നിവേദനത്തിൽ ജനനത്തീയതി പരിഗണിച്ച് ലിസ്റ്റിൽ തനിക്കു ശേഷം ശ്രീ. പ്രദീപിന്റെ സ്ഥാനം ക്രമീകരിക്കണമെന്ന ആക്ഷേപം പരിശോധിച്ചതിൽ, ഇരുവരുടെയും നിയമനത്തിനുള്ള സർക്കാർ ഉത്തരവ് പ്രകാരം ആദ്യ നിയമനം ശ്രീ. പ്രദീപിന്റേതാകയാൽ ആവശ്യം പരിഗണനാർഹമെന്നു കാണുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീ.പ്രദീപ്.എൻ-നെ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നം.226 ശ്രീ. പ്രവീൺ.എം നും ക്രമ നം. 227 ശ്രീ.

ബെൻസി വർഗ്ഗീസിനും മധ്യേ ക്രമ നം. 226 A ആയി ഉൾപ്പെടുത്തി പരാമർശം (4) സീനിയോറിറ്റി പട്ടിക പുനഃക്രമീകരിച്ചും അപ്രകാരം ഭേഗഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്

1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീ. പ്രദീപ് .എൻ, ക്ലർക്ക്, പെരിന്തൽമണ്ണ നഗരസഭ ( മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയരക്ടറേറ്റിലെ IE / DEC സെക്ഷനുകൾ
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി